കാൻസർ രോഗികൾക്ക് സൗജന്യയാത്ര

348 (T2178) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം പാസ് നൽകുന്നതിന് കെ.എസ്.ആർ. ടി.സി. മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ എന്ന് വിശദീകരിക്കാമോ ;

(സി) രോഗിക്കും സഹായിയായി യാത്ര ചെയ്യുന്നയാൾക്കും സൗജന്യപാസ് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; ഇപ്രകാരം സൗജന്യപാസ്സ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. കാൻസർ രോഗികൾക്ക് അവരുടെ സ്ഥിരമായ താമസ സ്ഥലത്തുനിന്നും മെഡിക്കൽകോളേജ്, റീജിയണൽ കാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്ക് പോകുന്ന ദിവസം കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓർഡിനറി, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസുകളിലും യാത്രാ ക്ലേശത്തിൽ 50% സൗജന്യ നിരക്ക് അനുവദിച്ചുകൊണ്ട് കോർപ്പറേഷൻ 23-5-2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിഗണനയിലുണ്ട്. നിലവിൽ കാൻസർ രോഗികൾക്ക് യാത്രാസൗജന്യം നൽകി വരുന്നതുപോലെ കാൻസർ രോഗിയെ അനുഗമിക്കുന്ന ഒരാളിനും, കിഡ്നി രോഗികൾക്കും ഒരു സഹയാത്രികനും അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേക്ക് ചികിത്സയ്ക്ക് പോകുന്നതിനും മടങ്ങുന്നതിനും കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി ബസ്സുകളിലും സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിലും ഇതിനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ ബജറ്റിൽ വകകൊള്ളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് മുൻകൂർ പണം കൈമാറുകയും ചെയ്യണമെന്ന വ്യവസ്ഥക്ക് വിധേയമായി, 50% സൗജന്യയാത്രാ പാസ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകി 9-1-2015-ൽ സ.ഉ. (കൈ) 66/2015/ ഗതാഗതം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly